# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1743 22.03.2012 -ൽ മറുപടിയ്ക്ക്**

**<u>രാഷ്ട്രീയ കൊലപാതകങ്ങൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ സി. പി. മുഹമ്മദ് : | ശ്രീ ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ ( 2006 - 2011) കാലത്ത് കേരളത്തിൽ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നു ; ഈ രാഷ്ട്രീയ കൊലപാതകങ്ങളിൽ ഏതെല്ലാം രാഷ്ട്രീയ പാർട്ടികൾ തമ്മിലാണെന്ന് വെളിപ്പെടുത്താമോ ; | (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2006 - 2011) കേരളത്തിൽ ആകെ 53 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. സി. പി. എം, സി. പി. ഐ., ബി. ജെ.പി., കോൺഗ്രസ്, എൻ.ഡി.എഫ്. എന്നീ രാഷ്ട്രീയ പാർട്ടികളും ഡി. വൈ.എഫ്. ഐ., ആർ. എസ്. എസ് എന്നീ സംഘടനകളും ഉൾപ്പെട്ടിട്ടുള്ള ആക്രമണത്തിലാണ് പ്രസ്തുത കൊലപാതകങ്ങൾ നടന്നിട്ടുള്ളത്. |
| (ബി) ഇതേ കാലയളവിൽ കേരളത്തിൽ എത്ര കളവുകൾ, ഭവനഭേദനങ്ങൾ, കവർച്ച, സ്ത്രീപീഡന കേസ്സുകൾ എന്നിവ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സുകളിൽ ഉൾപ്പെട്ട എത്രപേരെ അറസ്റ്റുചെയ്യാൻ ബാക്കിയുണ്ട് ; | (ബി) 2006 - 2011 കാലയളവിൽ 26959 കളവ് കേസുകളും , 18066 ഭവനഭേദന കേസുകളും 4336 കവർച്ച കേസുകളും 43003 സ്ത്രീപീഡന കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ കളവ് കേസുകളിൽ 7140 പ്രതികളെയും ഭവനഭേദന കേസുകളിൽ 5064 പ്രതികളേയും കവർച്ച കേസുകളിൽ 900 പ്രതികളേയും സ്ത്രീപീഡന കേസുകളിൽ 2033 പ്രതികളേയും അറസ്റ്റുചെയ്യാൻ ബാക്കിയുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം മേൽപ്പറഞ്ഞ ഇനങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ? | (സി) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം 3603 കളവ് കേസുകളും 2479 ഭവനഭേദന കേസുകളും 633 കവർച്ച കേസുകളും 9723 സ്ത്രീപീഡന കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ